പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3391 — 18-02-2013 – ൽ മറുപടിയ്ക്ക്

## അഗ്രോ സർവ്വീസ് സെന്ററുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ.കെ.ലതിക | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് പ്രസ്തുത സ്ഥാപനങ്ങൾ തുടങ്ങുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് 14 ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട 35 കേന്ദ്രങ്ങളിലാണ് അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നത്. സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നത്. ലിസ്റ്റ് അനുബന്ധ മായി ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനങ്ങൾ മുഖേന കൃഷിക്കാർക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുക എന്ന് വ്യക്തമാക്കുമോ? | (സി) | കൃഷി ലാഭകരമാക്കുന്നതിന് ആവശ്യമായ വിവിധ സേവനങ്ങൾ നടീൽ വസ്തുക്കൾ, മറ്റു ഉല്പാദന ഉപാധികൾ എന്നിവ ഒരു കേന്ദ്രത്തിൽ നിന്നും കർഷകന് ലഭ്യമാക്കുന്നതിന് വേണ്ടിയാണ് കാർഷിക സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നത്. ഇതുവഴി തൊഴിലാളിക്ഷാമം പരിഹരിച്ച് യന്ത്രവൽക്കരണം സാധ്യമാക്കാൻ ലക്ഷ്യമിടുന്ന ഫാം ക്ലിനിക്കുകൾ വഴി മണ്ണ്, രോഗ കീടങ്ങൾ പരിശോധന, കാർഷിക വായ്പ, വിലനിലവാരം, വിപണനം കാലാവസ്ഥ വ്യതിയാനം എന്നിവ സംബന്ധിച്ച വിവരങ്ങളും വിവിധ സാങ്കേതിക ഉപദേശങ്ങളും കാർഷിക സേവന കേന്ദ്രങ്ങൾ വഴി ലഭ്യമാകും. കർഷകർക്ക് ആവശ്യമായ യന്ത്ര സാമഗ്രികൾ വാടകയ്ക്ക് ലഭ്യമാക്കാനും. അവയുടെ റിപ്പയർ ജോലികളും ചെയ്യാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**തിരഞ്ഞെടുക്കപ്പെട്ട 35 ബ്ലോക്കുകളിലെ അഗ്രോ സർവ്വീസ് സെന്ററുകളുടെ ജില്ലയും അസംബ്ലി മണ്ഡലവും.**

| ക്രമ നം. | ജില്ല | അസംബ്ലി മണ്ഡലം | കൃഷി ഭവൻ |
|---|---|---|---|
| 1 | തിരുവനന്തപുരം | നെടുമങ്ങാട് | അണ്ടൂർക്കോണം |
| | | നെയ്യാറ്റിൻകര | ചെങ്കൽ |
| 2 | കൊല്ലം | പത്തനാപുരം | പത്തനാപുരം |
| | | ചടയമംഗലം | കടയ്ക്കൽ |
| 3 | പത്തനംതിട്ട | റാന്നി | വെച്ചൂച്ചിറ |
| | | കോന്നി | പ്രമാടം |
| 4 | ആലപ്പുഴ | കായംകുളം, | പത്തിയൂർ |
| | | ചെങ്ങന്നൂർ | പുലിയൂർ |
| 5 | കോട്ടയം | കോട്ടയം, | പനച്ചിക്കാട് |
| | | കടുത്തുരുത്തി | മാഞ്ഞൂർ |
| 6 | ഇടുക്കി | തൊടുപുഴ | കരിങ്കുന്നം |
| | | ഇടുക്കി | മരിയാപുരം |
| 7 | എറണാകുളം | കോതമംഗലം | കവളങ്ങാട് |
| | | പിറവം, | തിരുമാറാടി |
| | | കളമശ്ശേരി | കരുമാല്ലൂർ |
| 8 | തൃശ്ശൂർ | ചേലക്കര | പാഞ്ഞാൾ |
| | | ഇരിങ്ങാലക്കുട | പുറത്തുശ്ശേരി |
| | | വടക്കാഞ്ചേരി | തെക്കുംകര |
| 9 | പാലക്കാട് | മലമ്പുഴ, | പുതുപരിയാരം |
| | | പട്ടാമ്പി | പട്ടാമ്പി |
| 10 | മലപ്പുറം | പെരിന്തൽമണ്ണ | അങ്ങാടിപ്പുറം |
| | | കോട്ടക്കൽ, | മാറക്കര |
| | | പൊന്നാനി | ആലംകോട് |
| 11 | കോഴിക്കോട് | പേരാമ്പ്ര | ചെറുവണ്ണൂർ |
| | | കൊയിലാണ്ടി | തിക്കൊടി |
| | | നാദാപുരം | കാവിലുംപാറ |
| | | തിരുവമ്പാടി | തിരുവമ്പാടി |
| 12 | വയനാട് | കല്പറ്റ | മുട്ടിൽ |
| | | മാനന്തവാടി | മാനന്തവാടി |
| | | സുൽത്താൻബത്തേരി | അമ്പലവയൽ |
| 13 | കണ്ണൂർ | കൂത്തുപറമ്പ് | പാട്യം |
| | | ഇരിക്കൂർ, | ശ്രീകണ്ഠാപുരം |
| | | പയ്യന്നൂർ | കാങ്കോൽ |
| 14 | കാസർഗോഡ് | മഞ്ചേശ്വരം. | വോർക്കാടി |
| | | തൃക്കരിപ്പൂർ | നീലേശ്വരം |

സെക്ഷൻ ഓഫീസർ